17
2024
മെയ്
വെള്ളി
ഇടവം 3

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.187 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-187 പേജ് 4. വില 2.00 രൂപ




02 കമ്പത്ത് കോട്ടയം സ്വദേശികളായ മൂന്നംഗ കുടുംബം കാറിൽ മരിച്ചനിലയിൽ

03 നാളെ മുതൽ മഴ തകർക്കും; വിവിധ ജില്ലകളിൽ ഓറഞ്ച് അലർട്ട്

04 വേനൽമഴയിൽ കുറവ്; ഇടവപ്പാതിയിൽ പ്രതീക്ഷ

## നാല് ക്രെയിനുകൾ കൂടിയെത്തി

# വിഴിഞ്ഞം തുറമുഖം: ട്രയൽ റൺ ജൂൺ പകുതിയോടെ

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ചരക്കുകളുടെ കയറ്റിയിറക്കലിനായി സ്ഥാപിക്കുന്ന 32 ക്രെയിനുകളിൽ ശേഷിക്കുന്ന അഞ്ചെണ്ണത്തിൽ നാലെണ്ണംകൂടി തുറമുഖത്ത് എത്തിച്ചു. ഇനി കൊളംബോയിൽനിന്ന് ഈ മാസം ഒരു യാർഡ് ക്രെയിൻകൂടി എത്തിക്കുന്നതോടെ 32 ക്രെയിനുകളുമാകുമെന്ന് തുറമുഖ കമ്പനി അധികൃതർ പറഞ്ഞു.

ചൈനയിൽനിന്ന് ഷെൻഹുവ34 എന്ന കപ്പലിലാണ് നാലു ക്രെയിനുകൾ കൂടി വ്യാഴാഴ്ച രാവിലെയോടെ എത്തിച്ചത്. പുറംകടലിൽനിന്ന് കപ്പലിനെ വാട്ടർ ലൈൻ ഷിപ്പിങ് ആൻഡ് ലോജിസ്റ്റിക് കമ്പനിയുടെ സാങ്കേതിക സഹായത്തോടെ ടഗ്ഗുകൾ ഉപയോഗിച്ച്

കപ്പലിനെ സുരക്ഷിതമായി ബെർത്തിലടുപ്പിച്ചു. ക്രെയിനുകളുമായി എത്തുന്ന ഏഴാമത്തെ കപ്പലാണിത്.

24 യാർഡ് ക്രെയിനുകളും എട്ട് ഷിപ്പ് ടു ഷോർ ക്രെയിനുകളുമാണ് തുറമുഖത്ത് സ്ഥാപിക്കുക. മൂന്ന് കിലോമീറ്റർ ദൂരത്തിലുള്ള പുലിമുട്ട് അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതും ആവശ്യമായ ക്രെയിനുകളും എത്തിച്ചതോടെ ചരക്കുകളുടെ കയറ്റിയിറക്കൽ നടത്താനാവുമെന്നും കമ്പനി അധികൃതർ പറഞ്ഞു. തുറമുഖ കമ്പനിയുടെ സാങ്കേതിക സംഘത്തിന്റെ സഹായത്തോടെ വ്യാഴാഴ്ചയെത്തിയ ക്രെയിനുകളും ഉടനെ സജ്ജമാക്കും. തുടർന്ന് ക്രെയിനുകൾ ഉപയോഗിച്ച് ചരക്കുകളുടെ കയറ്റിയിറക്കൽ നടത്തുന്നതിനുള്ള ട്രയൽ റണ്ണും നടത്തും. ജൂൺ പകുതിയോടെയാണ് ചരക്കുകളുടെ കയറ്റിയിറക്കലിനുള്ള ട്രയൽ റൺ നടത്തുക.

ജൂൺമാസം പകുതിയോടെ തുറമുഖത്ത് രണ്ട് കൂറ്റൻ ബാർജുകൾ എത്തിച്ചാണ് ആദ്യമായി ചരക്കുകളുടെ കയറ്റിയിറക്കൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തുക. തുടർന്ന് ഈ ബാർജുകളിൽ കണ്ടെയ്നറുകൾ അടുക്കി ബെർത്തിന് സമീപമെത്തിക്കും. ഇവയിൽ നിന്നുള്ള കണ്ടെയ്നറുകളെ ഇവിടെ സ്ഥാപിച്ചിട്ടുള്ള ക്രെയിനുകളുപയോഗിച്ച് കരയിലേക്കും തിരികെ ബാർജുകളിലേക്കും കയറ്റുന്നതും ഇറക്കുന്നതുമായ ട്രയൽ റണ്ണാണ് നടത്തുക. ഇതിനുള്ള സാങ്കേതിക വിദഗ്ധരും യന്ത്രങ്ങളും അടക്കമുള്ളവയും സജ്ജമാക്കിയിട്ടുണ്ടെന്നും തുറമുഖ കമ്പനി അധികൃതർ അറിയിച്ചു.

സെമി ഓട്ടോമാറ്റിക് സംവിധാനത്തിലാവും തുറമുഖത്ത് സ്ഥാപിച്ചിട്ടുള്ള ക്രെയിനുകൾ പ്രവർത്തിക്കുക. ഇതിനായി തുറമുഖത്ത് പ്രത്യേക കൺട്രോൾ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. വ്യാഴാഴ്ചയും കഴിഞ്ഞ മാസവും എത്തിച്ച ക്രെയിനുകളുടെ ഇൻസ്റ്റാലേഷനും പൂർത്തിയാക്കേണ്ടതുണ്ട്.



**ചൈനയിൽ നിന്നുമുള്ളെ ഷെൻഹുവ 34 വിഴിഞ്ഞംഅദാനി തുറമുഖത്ത് ഇന്നെത്തി നാലു കൂറ്റൻ ക്രെയിനുകളുമായിട്ടാണ് കപ്പലടുത്തത്.**

## മൂന്നിലൊരാൾക്ക് പാർശ്വഫലം; കോവിഷീൽഡിനു പിന്നാലെ കോവാക്സിനും പ്രശ്നമെന്ന് പഠനം




ന്യൂഡൽഹി : കോവിഡ് പ്രതിരോധ വാക്സീനായ കോവിഷീൽഡിനു പിന്നാലെ കോവാക്സിനും പാർശ്വഫലമുണ്ടെന്ന് റിപ്പോർട്ട്. കോവാക്സിൻ എടുത്ത മൂന്നിലൊരാൾക്ക് പാർശ്വഫലങ്ങളുണ്ടായിട്ടുണ്ടെന്നാണ് പഠന റിപ്പോർട്ട്. ബനാറസ് ഹിന്ദു സർവകലാശാലയിലെ ഗവേഷകരാണു പഠനം നടത്തിയത്. 2022 ജനുവരി മുതൽ 2023 ഓഗസ്റ്റ് വരെയായിരുന്നു പഠനം.

ജർമനി ആസ്ഥാനമായുള്ള സ്പ്രിംഗർ ഇങ്ക് എന്ന ജേർണലിൽ പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. 291 മുതിർന്നവരിലും 635 കൗമാരക്കാരിലുമായി ആകെ 926 പേരിലായിരുന്നു പഠനം. ഒരുവർഷം കഴിഞ്ഞശേഷം 926 പേരിൽ 50 ശതമാനത്തോളം പേർക്ക് അണുബാധയുണ്ടായതായി സ്ഥിരീകരിച്ചു. മുതിർന്നവരിൽ നാലുപേർ മരിച്ചു. ഈ നാലുപേരും പ്രമേഹബാധിതരായിരുന്നു. മൂന്നുപേർക്കു ഹൈപ്പർടെൻഷനും ഉണ്ടായിരുന്നെന്നു റിപ്പോർട്ടിൽ പറയുന്നു.

## ചക്രവാതച്ചുഴിയും ന്യൂനമർദ പാത്തിയും; കാലവർഷമെത്തുന്നു

തിരുവനന്തപുരം: കൊടുംവേനലിൽ പൊള്ളിയ കേരളത്തിൻറെ ഉള്ളംതണുക്കാൻ കാലവർഷമെത്തുന്നു. ഞായറാഴ്ചയോടെ കാലവർഷം തെക്കുകിഴക്കൻ ബംഗാൾ ഉൾക്കടൽ, തെക്കൻ ആൻഡമാൻ കടൽ, നിക്കോബർ ദ്വീപ് എന്നിവിടങ്ങളിൽ എത്തിച്ചേരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു.

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും ശ്രീലങ്കയ്ക്കും മുകളിലായി ചക്രവാതച്ചുഴി നിലനിൽക്കുന്നു. ചക്രവാതച്ചുഴിയിൽ നിന്നു ലക്ഷദ്വീപിലേക്ക് ന്യൂനമർദ പാത്തിയും നിലനിൽക്കുന്നു.

തെക്കൻ കർണാടകയ്ക്ക് മുകളിൽ നിന്ന് വിദർഭയിലേക്ക് മറ്റൊരു ന്യൂനമർദപാത്തിയും രൂപപ്പെട്ടിട്ടുണ്ട്. ഇതിൻറെ ഫലമായി കേരളത്തിൽ അടുത്ത ഏഴുദിവസം ഇടിമിന്നലോടുകൂടിയ മഴയ്ക്കും 49 മുതൽ 50 കി. മീ. വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഞായറാഴ്ച അതിശക്തമായ മഴയ്ക്കും, ഇന്നുമുതൽ ഞായറാഴ്ച വരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിക്കുന്നു.

## അമീബിക് മസ്തിഷ്കജ്വരം; നിരീക്ഷണത്തിലിരുന്ന കുട്ടികളുടെ ഫലം നെഗറ്റീവ്

കോഴിക്കോട്: അമീബിക് മസ്തിഷ്കജ്വരമെന്ന സംശയത്തിൽ നിരീക്ഷണത്തിലുണ്ടായിരുന്ന നാല് കുട്ടികളുടെയും പരിശോധന ഫലം നെഗറ്റീവ്. രോഗ ലക്ഷണങ്ങളോടെ രണ്ട് ദിവസം മുമ്പാണ് കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നേരത്തെ രോഗം സ്ഥിരീകരിച്ച കുട്ടി കുളിച്ച കടലുണ്ടിപ്പുഴയിൽ നിരീക്ഷണത്തിലുണ്ടായിരുന്ന കുട്ടികളും കുളിച്ചിരുന്നു. പിന്നാലെ രോഗലക്ഷണങ്ങൾ പ്രകടമായതോടെയാണ് കുട്ടികളെ നിരീക്ഷണത്തിലാക്കിയത്.

## മെഡിക്കൽ കോളജിലെ ശസ്ത്രക്രിയ പിഴവ്; ഡോക്ടറെ സസ്പെൻഡ്ചെയ്തു

കോഴിക്കോട്: മെഡിക്കൽ കോളജിൽ ശസ്ത്രക്രിയ പഴവ് സംഭവിച്ചതിൽ ഡോക്ടർക്ക് സസ്പെൻഷൻ. അസോസിയേറ്റ് പ്രഫസർ ഡോ. ബിജോൺ ജോൺസണെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്.സംഭവത്തിൽ ആരോഗ്യമന്ത്രി വീണാ ജോർജ് റിപ്പോർട്ട് തേടിയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോടാണ് മന്ത്രി റിപ്പോർട്ട്തേടിയത്. ഈ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി. നാല് വയസുകാരിയുടെ ആറാം വിരൽ നീക്കം ചെയ്യേണ്ടതിന് പകരം നാവിൽ ശസ്ത്രക്രിയ നടത്തിയ സംഭവത്തിൽ വീഴ്ച സംഭവിച്ചതായി ഡോക്ടറുടെ കുറിപ്പ് പുറത്തുവന്നിരുന്നു. ശസ്ത്രക്രിയ നടത്തിയ ഡോക്ടർ സൂപ്രണ്ടിന് എഴുതിയ നോട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ശസ്ത്രക്രിയ കുടുംബത്തിൻറെ അനുമതിയോടെയല്ല നടത്തിയത് എന്ന രേഖയാണ് പുറത്തുവന്നത്.

ശസ്ത്രക്രിയ കൊണ്ട് മറ്റു പ്രശ്നങ്ങൾ ഉണ്ടാകില്ല എന്നും ഡോക്ടറുടെ കുറിപ്പിൽ പറയുന്നു. കോഴിക്കോട് ചെറുവണ്ണൂർ മധുര ബസാർ സ്വദേശിനിയായ ആയിഷ റുവയ്ക്കാണ് ശസ്ത്രക്രിയ മാറി ചെയ്തത്.



# പട്ടം എസ്‌യുടി ആശുപത്രിയിൽ നഴ്സസ് ദിനം ആചരിച്ചു

തിരുവനന്തപുരം: ആതുരസേവന രംഗത്ത് പ്രത്യേക പരാമർശമർഹിക്കുന്ന സമൂഹമായ നഴ്സുമാരെ അനുമോദിച്ചു കൊണ്ട് പട്ടം എസ്യുടി ആശുപത്രിയിൽ അന്താരാഷ്ട്ര നഴ്സസ് ദിനം ആചരിച്ചു. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി പരിപാടി ഉദ്ഘാടനം ചെയ്തു. രോഗികൾക്ക് മികച്ച പരിചരണം നൽകുന്നതിൽ നഴ്സുമാർ ആശുപത്രിയുടെ അഭിമാനമാണെന്നും അവരുടെ സേവനം വിലപ്പെട്ടതും സ്തുത്യർഹവുമാണെന്ന് അദ്ദേഹം ഉദ്ഘാടന വേളയിൽ പറഞ്ഞു.

മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ, നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ പ്രൊഫ. നിർമ്മല എൽ എന്നിവർ നഴ്സസ് ദിന സന്ദേശം നൽകി. പരിപാടിയുടെ ഭാഗമായി നഴ്സിംഗ് സൂപ്രണ്ട് റെയ്ച്ചലമ്മ ജേക്കബിന്റെ നേതൃത്വത്തിൽ തിരിതെളിയിക്കലും നഴ്സുമാരുടെ പ്രതിജ്ഞയും നടത്തി. നഴ്സുമാരുടെ കലാപരിപാടികളും ചടങ്ങിൽ ഉൾപ്പെട്ടിരുന്നു. സീനിയർ ഡോക്ടർമാരായ ഡോ. കെ പി പൗലോസ് (സീനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ), ഡോ. രമേശൻ പിള്ള (സീനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ), ഡോ. ഉണ്ണികൃഷ്ണൻ (സീനിയർ വാസ്കുലർ സർജൻ), ചീഫ് ലെയ്സൺ ഓഫീസർ രാധാകൃഷ്ണൻ നായർ എന്നിവരും ആശംസകളർപ്പിച്ചു. വിവിധ വകുപ്പുകളുടെ മാനേജർമാരും മറ്റ് ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.



# ബി.എസ്.സി. നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനം

### അപേക്ഷാ സമർപ്പണം 2024 ജൂൺ 15 വരെ

സംസ്ഥാനത്തെ സർക്കാർ/ സ്വാശ്രയ കോളേജുകളിലേക്ക് 202324 വർഷത്തെ ബി.എസ്.സി. നഴ്സിംഗ്, ബി.എസ്.സി. എം.എൽ.റ്റി, ബി.എസ്.സി. പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്റ്റോമെട്രി, ബി.പി.റ്റി., ബി.എ.എസ്സ്.എൽ.പി., ബി.സി.വി.റ്റി., ബി.എസ്.സി. ഡയാലിസിസ് ടെക്നോളജി, ബി.എസ്.സി ഒക്യൂപേഷണൽ തെറാപ്പി, ബി.എസ്.സി. മെഡിക്കൽ ഇമേജിംഗ് ടെക്നോളജി, ബി.എസ്.സി. റേഡിയോതെറാപ്പി ടെക്നോളജി, ബി.എസ്.സി. ന്യൂറോ ടെക്നോളജി എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം ലഭിക്കുന്ന പ്രകാരം പ്രവേശന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതാണ്.

എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷാഫീസ് ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ 2024 മേയ് 17 മുതൽ ജൂൺ 12 വരെ അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. ജനറൽ, എസ്.ഇ.ബി.സി എന്നീ വിഭാഗത്തിന് 800 രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് 400 രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷയുടെ അന്തിമ സമർപ്പണത്തിനുള്ള അവസാന തീയതി ജൂൺ 15 വരെ. പ്രോസ്സ്പെക്ടസ്സ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ബി.എസ്.സി നഴ്സിംഗിനും, ബി.എ.എസ്.എൽ.പി ഒഴികെയുള്ള മറ്റ് പാരാമെഡിക്കൽ കോഴ്സുകൾക്കും കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെ +2/ ഹയർ സെക്കണ്ടറി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്കു മൊത്തത്തിൽ 50% മാർക്കോടെ ജയിച്ചവർ പ്രവേശനത്തിന് അർഹരാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഓരോന്നും പ്രത്യേകം പാസ്സായിരിക്കണം.

ബി.എ.എസ്സ്.എൽ.പി. കോഴ്സിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ +2/ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി, ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ മാത്തമറ്റിക്സ്/ കമ്പ്യൂട്ടർ സയൻസ്/ സ്റ്റാറ്റിസ്റ്റിക്സ്/ ഇലക്ട്രോണിക്സ്/ സൈക്കോളജി എന്നിവയ്ക്കു മൊത്തത്തിൽ 50% മാർക്കോടെ ജയിച്ചവർ ആയിരിക്കണം. ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഓരോന്നും പ്രത്യേകം പാസ്സായിരിക്കണം. കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷ കേരള ഹയർ സെക്കണ്ടറി പരീക്ഷക്ക് തത്തുല്യ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്. സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്കും, ഭിന്നശേഷി വിഭാഗക്കാർക്കും 5% മാർക്ക് ഇളവ് അനുവദിക്കുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർഥികൾ യോഗ്യതാപരീക്ഷ ജയിച്ചാൽ മാത്രം മതിയാകും. OEC അപേക്ഷകർക്ക് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ നൽകിയാലും മാർക്കിളവിന് യോഗ്യതാ പരീക്ഷയിൽ SEBC അപേക്ഷകർക്ക് അനുവദിക്കുന്ന സൗജന്യം മാത്രമേ ലഭ്യമാകുകയുള്ളു.

അപേക്ഷാർത്ഥികൾ 2024 ഡിസംബർ 31 ന് 17 വയസ് പൂർത്തീകരിച്ചിരിക്കണം. ബി.എസ്.സി നഴ്സിംഗ് കോഴ്സിനുള്ള ഉയർന്ന പ്രായപരിധി 35 വയസ്സാണ്. നിശ്ചിത പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല. പാരാമെഡിക്കൽ കോഴ്സുകൾക്ക് ഉയർന്ന പ്രായപരിധിയില്ല. ബി. എ സ്.സി.(എം.എൽ.റ്റി.), ബി.എസ്.സി.(ഒപ്റ്റോമെട്രി) എന്നീ കോഴ്സുകളിലെ സർവ്വീസ് ക്വോട്ടയിലേയ്ക്കുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി 31.12.2024 ൽ പരമാവധി 46 വയസ്സാണ്. കൂടുതൽ വിവരങ്ങൾ 0471 2560363, 364 എന്നീ നമ്പറുകളിലും www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

## പൊതുജന ആരോഗ്യനിയമം കർശനമാക്കാൻ തീരുമാനം

കൊച്ചി: ജില്ലയിൽ മഞ്ഞപ്പിത്തം ഉൾപ്പടെ പകർച്ചവ്യാധികൾ പെരുകുന്ന സാഹചര്യത്തിൽ പൊതുജന ആരോഗ്യ നിയമം കർശനമാക്കാൻ ജില്ലാ ആരോഗ്യ വകുപ്പിൻറെ തീരുമാനം. ആദ്യപടിയായി ഇന്നു മുതൽ ബോധവത്കരണവും പ്രത്യേക പരിശോധനകളും നടത്തും.

തുടർന്നും നിയമലംഘനം നടത്തുന്നവരിൽ നിന്ന് പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന അറിയിച്ചു. കൊതുകുജന്യ രോഗങ്ങൾക്ക് കാരണമാകുന്ന സാഹചര്യം സൃഷ്ടിക്കുന്നവരെ കണ്ടെത്താൻ പ്രത്യേക പരിശോധന നടത്തും.

ജലസ്രോതസ് മലിനമാക്കൽ, പകർച്ചവ്യാധികൾക്കു കാരണമാകുന്ന വിധത്തിൽ ശുചിമുറികൾ പ്രവർത്തിപ്പിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾക്കു പിഴയ്ക്കു പുറമെ തടവു ശിക്ഷയും ലഭിക്കുമെന്ന് ഡിഎംഒ മുന്നറിയിപ്പ് നൽകി. 2023 നവംബർ 28ന് നിലവിൽ വന്ന പൊതുജന ആരോഗ്യ നിയമ പ്രകാരം ഓവുചാലിൻറെ പ്രവർത്തനം തടസപ്പെടുത്തിയാൽ 30, 000 രൂപ വരെയും, സ്ഥാപനത്തിലെ ശുചത്വ കാര്യങ്ങളിൽ വീഴ്ചവരുത്തിയാൽ 20, 000 രൂപ വരെയും,

പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ 25,000 രൂപവരെയുമാണ് പിഴ. ജലസ്രോതസ് മലിനമാക്കിയാൽ മൂന്നു വർഷം വരെ തടവോ രണ്ടു ലക്ഷം വരെ പിഴയോ ശിക്ഷ ലഭിക്കാം.

## ഗസ്റ്റ് അധ്യാപക അഭിമുഖം

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ വിവിധ പഠന വിഭാഗങ്ങളിലേക്കുള്ള 202425 അദ്ധ്യയന വർഷത്തേക്കുള്ള ഗസ്റ്റ് അധ്യാപക നിയമനത്തിനായുള്ള അഭിമുഖം നടക്കും. സംസ്കൃതം 2024 മേയ് 23, രാവിലെ 11.30, കമ്പ്യൂട്ടർ സയൻസ് 2024 മേയ് 29, രാവിലെ 11, അറബിക് 2024 മേയ് 23, രാവിലെ 10.30 എന്നതാണ് സമയക്രമം.

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേഖലാ ഓഫീസുകളിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യാഗാർഥികൾ മാത്രം യോഗ്യത, ജനനത്തീയതി, മുൻപരിചയം ഇവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, മേഖലാ ഓഫീസിൽ രജിസ്റ്റർ ചെയ്തത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ സഹിതം മേൽ പരാമർശിച്ചിരിക്കുന്ന സമയക്രമം അനുസരിച്ച് അഭിമുഖത്തിന് നേരിട്ട് ഹാജരാകേണ്ടതാണ്.

# ദേശീയ ഡങ്കിപ്പനി ദിനാചരണം സംസ്ഥാന തല ഉദ്ഘാടനം

തൈക്കാട് കേരള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിൽ നടന്ന ദേശീയ ഡെങ്കിപ്പനി ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എ. പി. എം. മുഹമ്മദ് ഹനീഷ് നിർവഹിച്ചു. സാമൂഹ്യ പങ്കാളിത്തത്തോടെ ഡെങ്കിപ്പനിയെ നിയന്ത്രിക്കാം എന്ന സന്ദേശയമുയർത്തി ആരോഗ്യ കുടുംബക്ഷേമ വകുപ്പാണ് ചടങ്ങ് സംഘടിപ്പിച്ചത്. നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ജീവൻ ബാബു കെ അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ ഡയറക്ടർ ഡോ. റീത്ത കെ.പി സ്വാഗതമാശംസിച്ചു. ഡോ. ജയശ്രീ വി, ഡോ. വി. മീനാക്ഷി, ഡോ. നന്ദകുമാർ കെ.വി,ഡോ. ഷിനു കെ. എസ്.,ഡോ. ബിന്ദു മോഹൻ, ഡോ. സുനിജ എസ്,ഡോ. ഷീജ എ. എൽ,ഡോ. ആശാ വിജയൻ, എം. എസ്സ്. ശശി,കെ. എൻ. അജയ്,ഡോ. ബിപിൻ കെ എന്നിവർ സംബന്ധിച്ചു. സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് മഴക്കാലരോഗ പ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പ് പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഇന്റർ സെക്ടറൽ കോർഡിനേഷൻ കമ്മിറ്റി യോഗവും ബോധവൽക്കരണ പ്രദർശനവും നടന്നു.




ദേശീയ ഡങ്കിപ്പനി ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ, കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. എ പി എം മുഹമ്മദ് ഹനീഷ് ഉദ്ഘാടനം ചെയ്യുന്നു

# കമ്പത്ത് കോട്ടയം സ്വദേശികളായ മൂന്നംഗ കുടുംബം കാറിൽ മരിച്ചനിലയിൽ



കുമളി: തമിഴ്നാട് കമ്പത്ത് മൂന്നംഗ മലയാളി കുടുംബത്തെ കാറിൽ മരിച്ച നിലയിൽ കണ്ടെത്തി. പുതുപ്പള്ളി കാഞ്ഞിരത്തുംമൂട് സ്വദേശികളായി ജോർജ് പി. സ്കറിയ (60), ഭാര്യ മേഴ്സി (58), മകൻ അഖിൽ എസ്. ജോർജ് (29) എന്നിവരാണ് മരിച്ചത്. സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഇവർ ജീവനൊടുക്കിയതാണെന്നാണ് പ്രാഥമിക വിവരം.

കുമളി കമ്പം പാതയിൽ പ്രധാന പാതയോടു ചേർന്ന് കൃഷിയിടത്തിലാണ് ഹ്യുണ്ടായ് ഗ്രാൻഡ് ഐ10 കാർ കിടന്നിരുന്നത്.

കാറിൻറെ ഡ്രൈവിംഗ് സീറ്റിലും മുൻ സീറ്റിലുമാണ് ജോർജിൻറെയും അഖിലിൻറെയും മൃതദേഹങ്ങൾ കിടുന്നിരുന്നത്. മേഴ്സിയുടെ മൃതദേഹം പിൻസീറ്റിൽ വിൻഡോ ഗ്ലാസിൽ മുഖം ചേർത്തുവച്ച നിലയിലുമായിരുന്നു.

വാകത്താനത്ത് വാടകയ്ക്ക് താമസിക്കുന്ന കുടുംബത്തെ കാണാനില്ലെന്ന് കാണിച്ച് വാകത്താനം പോലീസിൽ രണ്ടുദിവസം മുൻപ് ബന്ധുക്കൾ പരാതി നൽകിയിരുന്നു. സാമ്പത്തിക ബാധ്യതയെ തുടർന്ന് ഇവർ നാടുവിട്ടതാകമെന്നാണ് പോലീസിൻറെ നിഗമനം.

കാറിനുള്ളിൽ തമിഴ്നാട് പോലീസിൻറെ ഫോറൻസിക് സംഘം നടത്തിയ പരിശോധനയിൽ കീടനാശിനിയുടെ കുപ്പി ലഭിച്ചിട്ടുണ്ട്. കാറിനു സമീപത്തുനിന്ന് ഇവർ കഴിച്ചതെന്നു കരുതുന്ന ഭക്ഷണത്തിൻറെ അവശിഷ്ടങ്ങൾ കണ്ടെത്തി. കാറിനുള്ളിൽ രക്തം ഛർദ്ദിച്ചതിൻറെ ലക്ഷണങ്ങളുമുണ്ട്. ഫോറൻസിക് പരിശോധനക്ക് ശേഷം ഇൻക്വസ്റ്റ് നടപടികൾ പൂ!ർത്തിയാക്കി മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിന് അയക്കും. സംഭവത്തിൽ തമിഴ്നാട് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# സംസ്ഥാനപാത നവീകരണത്തിലെ ക്രമക്കേടുകൾ അന്വേഷിക്കാൻ കളക്ടറുടെ നിർദേശം

രാജപുരം: ഹൊസ്ദുർഗ് പാണത്തൂർ സംസ്ഥാനപാതയിലെ പൂടംകല്ല്ചിറംകടവ് ഭാഗത്തെ നവീകരണ പ്രവർത്തിയുടെ അപാകതകളെക്കുറിച്ച് അടിയന്തരമായി അന്വേഷണം നടത്താനുള്ള മലനാട് വികസന സമിതിയുടെ നിവേദനം ജില്ലാ കളക്ടർ കെ. ഇമ്പശേഖർ റോഡ് സേഫ്റ്റി കമ്മീഷണർക്ക് കൈമാറി. റോഡ് സേഫ്റ്റി കമ്മീഷണർ പൂടംകല്ല് മുതൽ ചിറംകടവ് വരെയുള്ള ഭാഗത്ത് പരിശോധന നടത്തി പരാതിയുടെ തെളിവുകൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കും. ഡിപിആറിൽ നിന്നും വർക്ക് എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നടക്കുന്ന നവീകരണ പ്രവർത്തിയുടെ ക്രമക്കേടുകളെ കുറിച്ചുള്ള അന്വേഷണത്തിന് ശേഷം നടപടികൾ എടുക്കുമെന്നും ഉറപ്പു നൽകിയതായി സമിതി ഭാരവാഹികൾ പറഞ്ഞു.

ജനപ്രതിനിധികളും മലനാട് വികസന സമിതി നേതാക്കളും അനുബന്ധ വകുപ്പുകളുടെ ഉദ്യോഗസ്ഥരും മാധ്യമ പ്രവർത്തകരും, കരാർ കമ്പനി പ്രതിനിധികളും പങ്കെടുക്കുന്ന ഒരു പ്രവൃത്തി അവലോകന യോഗം വിളിച്ചു ചേർക്കുമെന്ന് കളക്ടർ അറിയിച്ചതായും ഇവർ പറഞ്ഞു. സമിതി ചെയർമാൻ ആർ. സൂര്യ നാരായണഭട്ട്, ജനറൽ സെക്രട്ടറി ബാബു കദളിമറ്റം, സെക്രട്ടറി ബി. അനിൽ കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്.

# മയക്കുമരുന്ന് വിപത്തിനെതിരെ സമൂഹമൊന്നാകെ രംഗത്തിറങ്ങണം:മന്ത്രി വി ശിവൻകുട്ടി

മയക്കുമരുന്ന് വിപത്തിനെതിരെ സമൂഹമൊന്നാകെ രംഗത്തിറങ്ങണമെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. ഇതിനായി ജനജാഗ്രതാ സമിതികൾ ശക്തമാക്കണം. നേമത്ത് വില്ലേജ്തല ജാഗ്രതാ സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വിദ്യാർഥികൾ ആണ് ലഹരി മാഫിയയുടെ പ്രധാന ഉന്നം. ഇത് മനസിലാക്കി വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് വലിയ പിന്തുണ സമൂഹം നൽകണം. സമൂഹത്തിന്റെ ജാഗ്രത വിദ്യാലയങ്ങൾക്കുണ്ടാകണം. സംസ്ഥാനത്ത് ജൂൺ 3 ന് സ്കൂളുകൾ തുറക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടും അക്കാദമിക വർഷം മുഴുവനായും നിരവധി പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. ഇതിലേറ്റവും സുപ്രധാനമായ പദ്ധതി ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ളതാണ്. ഈ പദ്ധതിയുടെ ഭാഗമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ യോഗം മെയ് 4ന് ചേരുകയുണ്ടായി. കഴിഞ്ഞ അദ്ധ്യയന വർഷം നടത്തിയ പ്രവർത്തനങ്ങൾക്ക് ഉപരിയായി അതി ശക്തമായ ക്യാമ്പയിൻ സംഘടിപ്പിക്കാനാണ് യോഗത്തിൽ തീരുമാനമായത്.

ലഹരി വിരുദ്ധ ക്യാംപയിൻ, പ്രത്യേകിച്ച് വിദ്യാർഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും ആസക്തിയും തടയാൻ ലക്ഷ്യം വെച്ചിട്ടുള്ള പ്രവർത്തന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ശാക്തീകരണം, അവബോധം, ആരോഗ്യകരമായ ജീവിതശൈലി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പിന്തുണാ സംവിധാനം പൊതുവിദ്യാഭ്യാസ വകുപ്പ് ഒരുക്കും. സ്കൂൾ വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി വിവിധങ്ങളായ പ്രവർത്തനങ്ങൾ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്.

സ്കൂൾ തലത്തിൽ നടത്തേണ്ട ജാഗ്രതാ പ്രവർത്തനങ്ങൾ, വിവിധ സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിട്ടുണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണത്തോടൊപ്പം കുട്ടികളെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുന്നതിനും പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

ലഹരി വസ്തുക്കൾ സ്കൂൾ ക്യാമ്പസിലേക്ക് എത്തുന്നതിനെതിരെ ജാഗ്രത പുലർത്തുന്നതിന് രക്ഷകർത്താക്കളെ ബോധവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് രക്ഷകർത്തൃ ഗ്രൂപ്പുകൾ ചേരുമെന്നും മന്ത്രി അറിയിച്ചു.

## ക്ഷീര ഇൻഷുറൻസ് നിഷേധം: നഷ്ടപരിഹാരവും കോടതി ചിലവും നൽകണം

കോതമംഗലം: പശുവിന്റെ ഫോട്ടോകളിലെ വ്യത്യാസം ആരോപിച്ച് ക്ഷീര കർഷകന് ഇൻഷുറൻസ് കമ്പനി നിരസിച്ച ക്ലെയിമും നഷ്ടപരിഹാരവും കോടതി ചിലവും നൽകാൻ എറണാകുളം ഉപഭോക്തൃ കോടതി വിധി. കോതമംഗലം ഇഞ്ചൂർ നിവാസിയും ക്ഷീരകർഷകനുമായ വേണു രാജൻ നായരാണ് പരാതിക്കാരൻ.

പശുവിനെ ഇൻഷർ ചെയ്യുന്ന വേളയിൽ എടുത്ത ഫോട്ടോയും പശുവീണു പോയപ്പോൾ എടുത്ത ഫോട്ടോയും തമ്മിൽ വ്യത്യാസമുണ്ടെന്ന് ആരോപിച്ചാണ് കമ്പനി ക്ലെയിം നിരസിച്ചത്.

# പിഞ്ച് കുഞ്ഞിൻെറ വിരലിന് പകരം നാവ് മുറിക്കുന്നതാണോ നമ്പർ വൺ കേരളം: പ്രതിപക്ഷനേതാവ്

തിരുവനന്തപുരം: പിഞ്ച് കുഞ്ഞിൻറെ വിരലിന് പകരം നാവ് മുറിക്കുന്നതാണോ സർക്കാർ കൊട്ടിഘോഷിക്കുന്ന നമ്പർ വൺ കേരളമെന്ന് പ്രതിപക്ഷനേതാവ് വി. ഡി. സതീശൻ. കേരളം ആരോഗ്യ മേഖലകളിൽ ആർജിച്ചെടുത്ത നേട്ടങ്ങൾ നിരന്തരം ഇല്ലാതാക്കുകയെന്നതാണ് സർക്കാർ ഇപ്പോൾ ചെയ്യുന്നതെന്ന് സതീശൻ പറഞ്ഞു.

കോഴിക്കോട് മെഡിക്കൽ കോളജിൽ ഇത് ആദ്യത്തെ സംഭവമല്ല. ശസ്ത്രക്രിയക്കിടെ ഉപകരണം വയറ്റിൽ കുടുങ്ങിയ ഹർഷിന ഇപ്പോഴും നീതിക്ക് വേണ്ടി പോരാട്ടം തുടരുകയാണ്. ഏത് സംഭവത്തിലും അടിയന്തര റിപ്പോർട്ട് നൽകാൻ ഉത്തരവിടുന്നതല്ലാതെ എന്ത് തിരുത്തൽ നടപടിയാണ് ആരോഗ്യവകുപ്പും മന്ത്രിയും ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അദ്ദേഹം ചോദിച്ചു.

സർക്കാർ സംവിധാനങ്ങളെ വിശ്വസിച്ച് ചികിത്സയ്ക്ക് എത്തുന്ന പാവങ്ങളുടെ ജീവന് വില കൽപ്പിക്കാത്ത അവസ്ഥ പൂർണമായും ഇല്ലാതാക്കണം. എല്ലാ വകുപ്പുകളിലുമെന്ന പോലെ ആരോഗ്യവകുപ്പിലും ചോദിക്കാനും പറയാനും ആരുമില്ലാത്ത സ്ഥിതിയാണെന്ന് പ്രതിപക്ഷ നേതാവ് വിമർശിച്ചു.

നീതിക്ക് വേണ്ടി പോരാട്ടം നടത്തുന്ന ഹർഷിനയുടെ അവസ്ഥ ഈ കുഞ്ഞിനും കുടുംബത്തിനും ഉണ്ടാക്കരുത്. ഉത്തരവാദികളായവർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കണമെന്നും വി. ഡി. സതീശൻ ആവശ്യപ്പെട്ടു.

## കോഴിക്കോട് മാതൃ ശിശു സംരക്ഷണ കേന്ദ്രം: ആരോഗ്യ വകുപ്പ് മന്ത്രി അടിയന്തര റിപ്പോർട്ട് തേടി

കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ നാല് വയസുകാരിയ്ക്ക് ശസ്ത്രക്രിയാ പിഴവ് സംഭവിച്ചെന്ന പരാതിയിൽ അടിയന്തരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി.

## റഷൻ കടകളുടെ പ്രവർത്തനസമയം പുന:സ്ഥാപിച്ചു

കേരളത്തിൽ ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് വരുത്തിയിരുന്ന റേഷൻ കടകളുടെ പ്രവർത്തന സമയം 2024 മേയ് 17 മുതൽ പുന:സ്ഥാപിച്ചിട്ടുണ്ട്. രാവിലെ 8 മണി മുതൽ 12 മണി വരെയും വൈകുന്നേരം 4 മണി മുതൽ 7 മണി വരെയുമായിരിക്കും റേഷൻകടകൾ പ്രവർത്തിക്കുക.




*ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻറെ ടിഎംഎ സിഎസ്ആർ അവാർഡ് ഐബിഎസ് സോഫ്റ്റ് വെയറിന് വേണ്ടി ഐബിഎസ് സോഫ്റ്റ് വെയർ വിപി & സെൻറർ ഹെഡ് ലതാറാണി കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനിൽ നിന്ന് സ്വീകരിക്കുന്നു. ടിഎംഎ പ്രസിഡൻറ് സി.പത്മകുമാർ, 'ട്രിമ 2024' ചെയർമാൻ ടി. പി. ശ്രീനിവാസൻ, ടിഎംഎ സെക്രട്ടറി വിങ് കമാൻഡർ രാഗശ്രീ ഡി നായർ, ഇൻറർനാഷണൽ ട്രേഡ് കൺസൾട്ടൻറ് ജോയിൻറ് സെക്രട്ടറി മോഹനൻ വേലായുധ് എന്നിവർ സമീപം.*

# നാളെ മുതൽ മഴ തകർക്കും; വിവിധ ജില്ലകളിൽ ഓറഞ്ച് അലർട്ട്, ജാഗ്രത

തിരുവനന്തപുരം: സംസ്ഥാനത്ത് ശനിയാഴ്ച മുതൽ അതിശക്തമായ മഴയ്ക്ക് സാധ്യത. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച്, യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

ശനിയാഴ്ച പാലക്കാട്, മലപ്പുറം ജില്ലകളിലും ഞായറാഴ്ച പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലും തിങ്കളാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലും അതിശക്തമായ മഴസാധ്യത കണക്കിലെടുത്ത് കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു.

24 മണിക്കൂറിൽ 115.6 ാാ മുതൽ 204.4 ാാ വരെ ലഭിക്കുന്ന ശക്തമായ മഴയാണ് ഓറഞ്ച് അലർട്ട് കൊണ്ട് കാലാവസ്ഥാ വകുപ്പ് അർഥമാക്കുന്നത്. തിങ്കളാഴ്ച ചില ജില്ലകളിൽ ഓറഞ്ച് അലർട്ട് ആണ് പ്രഖ്യാപിച്ചിരിക്കുന്നതെങ്കിലും റെഡ് അലർട്ടിന് സമാനമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

അതേസമയം, ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലും വെള്ളിയാഴ്ച പത്തനംതിട്ട, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിലും ഞായറാഴ്ച തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിലും തിങ്കളാഴ്ച തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് കേന്ദ്ര കാലാവസ്ഥ വകുപ്പ് അർഥമാക്കുന്നത്. ഇടിമിന്നലോടു കൂടിയ മഴയാണ് പ്രതീക്ഷിക്കുന്നത്.

അതേസമയം, തെക്കൻ കേരള തീരത്തും, ലക്ഷദ്വീപ് പ്രദേശത്തും ശനിയാഴ്ച മുതൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കർണാടക തീരത്ത് മത്സ്യബന്ധനത്തിന് തടസമില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഈ ദിവസങ്ങളിൽ തെക്കൻ കേരള തീരത്തും, ലക്ഷദ്വീപ് പ്രദേശത്തും മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ട്.

കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ 0. 4 മുതൽ 1.2 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിൻറെ വേഗം സെക്കൻഡിൽ 22 രാ നും 48 രാ നും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

തെക്കൻ തമിഴ്നാട് തീരത്ത് ഇന്ന് രാത്രി 11.30 വരെ 0. 4 മുതൽ 1.3 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിൻറെ വേഗം സെക്കൻഡിൽ 12 രാ നും 53 രാ നും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

# ഐബിഎസിൻറെ ഫ്യൂച്ചർപോയിൻറ് സംരംഭത്തിന് ടിഎംഎ സിഎസ്ആർ അവാർഡ്

തിരുവനന്തപുരം: ആഗോള ട്രാവൽ വ്യവസായത്തിലെ മുൻനിര ഡിജിറ്റൽ ടെക്നോളജി സേവനദാതാക്കളായ ഐബിഎസ് സോഫ്റ്റ് വെയറിന് തിരുവനന്തപുരം മാനേജ്മെൻറ് അസോസിയേഷൻറെ (ടിഎംഎ) 2024 ലെ സിഎസ്ആർ അവാർഡ്. ടിഎംഎയുടെ വാർഷിക മാനേജ്മെൻറ് കൺവെൻഷനിൽ ഐബിഎസ് സോഫ്റ്റ് വെയർ വിപി & സെൻറർ ഹെഡ് ലതാറാണി കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനിൽ നിന്ന് പുരസ്കാരം സ്വീകരിച്ചു.താഴേക്കിടയിലുള്ള മനുഷ്യരുടെ ഉന്നമനത്തിനായി നടപ്പാക്കിയ മാതൃകാപരമായ സാമൂഹിക പ്രവർത്തനങ്ങളെ മുൻനിർത്തിയാണ് ഐബിഎസിൻറെ ഫ്യൂച്ചർ പോയിൻറ് സംരംഭം പുരസ്കാരത്തിന് അർഹമായത്.

2022 ൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ഐബിഎസ് ഫ്യൂച്ചർപോയിൻറ് കൊച്ചിയിൽ പ്രവർത്തിക്കുന്ന നൈപുണ്യത്തിലെ മികവിൻറെ കേന്ദ്രമാണ്. കഴിഞ്ഞ രണ്ട് വർഷമായി വിപുലമായ സ്വീകാര്യത നേടിയ ഈ കേന്ദ്രം നിരാലംബരായ ചെറുപ്പക്കാർ, കലാലയ പഠനത്തിൽ നിന്ന് കൊഴിഞ്ഞു പോയവർ, തൊഴിൽരഹിതരായ സ്ത്രീകൾ എന്നിവർക്ക് തൊഴിൽ വൈദഗ്ധ്യവും മികവും നേടാൻ സഹായിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു.

'കാൻഡിൽ' (കെയർ ആൻഡ് ലവ്) എന്ന ഐബിഎസ് സോഫ്റ്റ് വെയറിൻറെ സിഎസ്ആർ സംരംഭത്തിൽ നിലവിൽ 15ലധികം പ്രോജക്ടുകൾ ഉണ്ട്. 2200ലധികം കുട്ടികൾക്കും 300ലധികം ചെറുപ്പക്കാർക്കും ഇതിൻറെ പ്രയോജനം ലഭിക്കുന്നു. അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസവും ആരോഗ്യ പരിപാലന സൗകര്യങ്ങളും വളരാനുള്ള നല്ല അന്തരീക്ഷവും ഇത് ഉറപ്പാക്കുന്നു.

ഒരു സ്ഥാപനത്തിൻറെ വിജയം അതിൻറെ ബിസിനസ് നേട്ടങ്ങൾ മാത്രമല്ലെന്നും അത് സമൂഹത്തിന് നൽകുന്ന ഗുണപരമായ സംഭാവനയും സമൂഹത്തിന് വരുത്തുന്ന പരിവർത്തനവുമാണെന്ന് വിശ്വസിക്കുന്നതായി ഐബിഎസ് സോഫ്റ്റ് വെയർ എക്സിക്യൂട്ടീവ് ചെയർമാൻ വി.കെ. മാത്യൂസ് പറഞ്ഞു.

# നാലുവർഷ ബിരുദം ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലക്ഷ്യം: മന്ത്രി ഡോ. ബിന്ദു

വിദ്യാർത്ഥികൾക്ക് ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുക എന്ന സർക്കാർ ലക്ഷ്യത്തിന്റെ ഭാഗമായാണ് നാലുവർഷ ബിരുദ പരിപാടിയെന്ന് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ.ആർ. ബിന്ദു പറഞ്ഞു. സംസ്ഥാനത്തെ കോളേജുകളിൽ ഈ വർഷം മുതൽ നടപ്പിലാക്കുന്ന നാലുവർഷ ബിരുദം സംബന്ധിച്ച് പൊതുജനങ്ങൾക്കും പ്ലസ് ടു പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും അവബോധം നൽകാനായി സംഘടിപ്പിച്ച ഓറിയന്റേഷൻ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

പ്രവർത്യുന്മുഖ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നതവിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ നടപ്പാക്കുന്നതെന്ന് മന്ത്രി ബിന്ദു പറഞ്ഞു. താൽപര്യമുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്ന തരത്തിലാണ് നാലുവർഷ ബിരുദ പരിപാടി തയ്യാറാക്കിയിരിക്കുന്നത്.

തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തുന്നതിന് നാലുവർഷ ബിരുദ പരിപാടി ഏറെ സഹായകരമാകും. അതിനായി നൈപുണ്യവികസനം പ്രത്യേക അജണ്ടയായി മാറ്റിയിട്ടുണ്ട് . നൈപുണ്യവികസനത്തിന് ക്രെഡിറ്റ് അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. കലാലയങ്ങളിൽ നൈപുണി വികസന സെന്ററുകൾ ഇതോടൊപ്പം ആരംഭിക്കുമെന്നും സംവാദാത്മകമായ ക്ലാസ്സ് മുറികൾ ഉണ്ടാകണമെന്നും മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രതിനിധികളും പരിപാടിയിൽ പങ്കെടുത്തു.

## ഐ. എച്ച്. ആർ. ഡി ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ പതിനൊന്നാം സ്റ്റാന്റേർഡ് പ്രവേശനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 202425 അദ്ധ്യയനവർഷത്തിൽ പതിനൊന്നാം സ്റ്റാന്റേർഡ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. thss.ihrd.ac.in മുഖേന ഓൺലൈൻ ആയും അതാത് സ്കൂളുകളിൽ നേരിട്ടെത്തി ഓഫ് ലൈൻ ആയും അപേക്ഷ സമർപ്പിക്കാം. ഓൺലൈൻ മുഖേന അപേക്ഷകൾ മേയ് 28ന് വൈകിട്ട് 5 വരെ സ്വീകരിക്കും. രജിസ്ട്രേഷൻ ഫീസായ 110 രൂപ (എസ്.സി/ എസ്.റ്റി വിദ്യാർഥികൾക്ക് 55 രൂപ) ഓൺലൈനായി അതാത് സ്കൂളുകളുടെ ബാങ്ക് അക്കൗണ്ട് മുഖേനയും സ്കൂൾ ക്യാഷ് കൗണ്ടറിൽ നേരിട്ടും അടയ്ക്കാം. ഓൺലൈനായി അപേക്ഷിക്കുന്നവർ രജിസ്ട്രേഷൻ ഫീസ് അടച്ചതിന് ശേഷം അതിന്റെ വിശദവിവരം thss.ihrd.ac.in ലെ ലിങ്കിൽ നൽകണം.ഓഫ് ലൈനായി അപേക്ഷിക്കുന്നവർ അപേക്ഷയും അനുബന്ധ രേഖകളും രജിസ്ട്രേഷൻ ഫീസും സഹിതം (രജിസ്ട്രേഷൻ ഫീസ് അതാത് പ്രിൻസിപ്പാൾമാരുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായും സ്കൂൾ ക്യാഷ് കൗണ്ടറിലും അടയ്ക്കാവുന്നതാണ്) 28ന് വൈകുന്നേരം 4 മണിക്ക് മുമ്പ് ബന്ധപ്പെട്ട സ്കൂളുകളിൽ സമർപ്പിക്കണം.

## പ്രോജക്ട് അസിസ്റ്റന്റ് ഒഴിവ്

തിരുവനന്തപുരം സർക്കാർ വനിതാ കോളജിലെ സെൻട്രലൈസ്ഡ് കോമൺ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി (CCIF) കേന്ദ്രത്തിൽ ഒരു പ്രോജക്ട് അസിസ്റ്റന്റ് തസ്തിക ഒഴിവുണ്ട്. ഇത് ഒരു വർഷത്തേക്കുള്ള കരാർ തസ്തികയാണ്. പ്രോജക്ട് അസിസ്റ്റന്റ് ഫെലോഷിപ്പായി പ്രതിമാസം 22,000 രൂപ ഏകീകൃത തുകയായി നൽകും. യോഗ്യത: അപേക്ഷകർ കെമിസ്ട്രിയിലോ ഫിസിക്സിലോ 60 ശതമാനമോ അതിൽ കൂടുതലോ മാർക്കോടെ ബിരുദാനന്തര ബിരുദം (M.Sc.) നേടിയിരിക്കണം. അനിലിറ്റിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മുൻ പരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകും. എൻ.എം.ആർ സ്പെക്ട്രോ മീറ്റർ, സ്പെക്ട്രോ ഫ്ലൂറോ മീറ്റർ, ഐ.ആർ സ്പെക്ട്രോ മീറ്റർ, യു.വിവിസിബിൾ സ്പെക്ട്രോ മീറ്റർ ആന്റ് ബി.ഇ.റ്റി അനലൈസർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളുടെ പ്രവർത്തനവും പരിപാലനവും ചുമതലകളിൽ ഉൾപ്പെടുന്നു. 2024 ജൂൺ 5ന് രാവിലെ 10.30ന് കോളജിൽ നടക്കുന്ന അഭിമുഖത്തിന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടതാണ്.

## കെട്ടിട, വാഹന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകാൻ ഉദ്യോഗസ്ഥർ കാലതാമസം വരുത്തരുത്: മന്ത്രി വി ശിവൻകുട്ടി

സ്കൂൾ തുറക്കുന്നതിന് മുന്നോടിയായുള്ള കെട്ടിട, വാഹന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകാൻ ഉദ്യോഗസ്ഥർ കാലതാമസം വരുത്തരുതെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. ജൂൺ 3 ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. ഈ യോഗത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി നടപടിയെടുക്കാൻ വിവിധ വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. കുട്ടികളുടെ സുരക്ഷ പരമപ്രധാനമാണ്. കൃത്യമായ പരിശോധനകൾ അനിവാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ കാലതാമസം തയ്യാറെടുപ്പിനെ പ്രതികൂലമായി ബാധിക്കും. ഇക്കാര്യം ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്നും മന്ത്രി വി ശിവൻകുട്ടി നിർദേശിച്ചു.

## കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 2024 മെയ് മാസത്തിൽ കണ്ണൂർ ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നടത്തുന്നതാണ്. കണ്ണൂർ സർക്കാർ അതിഥി മന്ദിരത്തിൽ വച്ച് മേയ് 20, 21, 22 തീയതികളിലാണ് സിറ്റിംഗ് നടത്തുന്നത്. സിറ്റിംഗിൽ ബഹു. ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ.അബ്രഹാം മാത്യു അവർകളും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കുന്നതാണ്. അന്നേ ദിവസം രാവിലെ 09.00 മണിക്ക് സിറ്റിംഗ് ആരംഭിക്കുന്നതാണ്. പ്രസ്തുത തീയതികളിൽ ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗ് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്.

## പാഠപുസ്തകങ്ങൾ കൈപ്പറ്റണം

202425 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ വിതരണം സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, സി.ബി.എസ്.ഇ മേഖലയിലെ സ്കൂളുകൾക്ക് 2024 ഏപ്രിൽ 12 മുതൽ ആരംഭിച്ചിരുന്നു. ആയതിൽ ഇൻഡന്റ് ചെയ്തിട്ടുള്ള എല്ലാ അൺ എയ്ഡഡ്, സി.ബി.എസി.ഇ സ്കൂളുകളും പാഠപുസ്തകങ്ങളുടെ തുക ഒടുക്കി റിലീസിംഗ് ഓർഡർ വാങ്ങി അതാത് ജില്ലാ ഹബ്ബുകളിൽ നിന്നും നേരിട്ട് പാഠപുസ്തകങ്ങൾ കൈപ്പറ്റുവാൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയത് കൈപ്പറ്റാതെയുള്ള അൺ എയ്ഡഡ്, സി.ബി.എസ്.ഇ സ്കൂളുകൾ അടിയന്തിരമായി തുക ഒടുക്കി റിലീസിംഗ് ഓർഡർ വാങ്ങി ബന്ധപ്പെട്ട ജില്ലാ ഹബ്ബുകളിൽ നിന്നും പാഠപുസ്തകങ്ങൾ കൈപ്പറ്റേണ്ടതാണ്.

## ഗസ്റ്റ് അധ്യാപക നിയമനം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 202425 അധ്യയന വർഷത്തേക്ക് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ അതിഥി അധ്യാപകരെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം 2024 മേയ് 28 രാവിലെ 11 മണിക്ക് പ്രിൻസിപ്പാളിന്റെ റൂമിൽ നടത്തുന്നു. യു.ജി.സി നിഷ്കർഷിച്ച യോഗ്യത ഉള്ളവരും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അതിഥി അധ്യാപകരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാവുന്നതാണ്. ഉദ്യോഗാർഥികൾ ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, മുൻപരിചയം, തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പുകൾ സഹിതം പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകേണ്ടതാണ്.

## കളക്ഷൻ തുക മോഷ്ടിച്ചുകടന്ന പെട്രോൾ പമ്പ് ജീവനക്കാരൻ പിടിയിൽ

പത്തനംതിട്ട: കളക്ഷൻ തുക മോഷ്ടിച്ചുകടന്ന പെട്രോൾ പമ്പ് ജീവനക്കാരനെ കോയിപ്രം പോലീസ് പിടികൂടി. തിരുവനന്തപുരം തിരുമല ആലപ്പുറം ഈഴംകുഴി വീട്ടിൽ അനിൽ കുമാർ (25) ആണ് അറസ്റ്റിലായത്. വെണ്ണിക്കുളം ഫ്യൂവൽസ് എന്ന സ്ഥാപനത്തിൽ ജീവനക്കാരനായ പ്രതി, കഴിഞ്ഞമാസം 18ന് ഉച്ചയ്ക്കാണ് കളക്ഷൻ തുകയായ 71,000 രൂപയുമായി ഓട്ടോറിക്ഷയിൽ കയറി രക്ഷപ്പെട്ടത്.

പമ്പ് ഉടമ കറുകച്ചാൽ ചമ്പക്കര മംഗലത്ത് വടക്കേതിൽ വീട്ടിൽ കേശവൻറെ മൊഴിപ്രകാരം കേസെടുത്ത കോയിപ്രം പോലീസ്, ജില്ലാ പോലീസ് മേധാവി വി. അജിത്തിൻറെ നിർദേശാനുസരണം അന്വേഷണം ഊർജിതമാക്കിയിരുന്നു. മലപ്പുറം കൊണ്ടോട്ടിയിൽനിന്നും ഇന്നലെയാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്.

ജില്ലാ പോലീസ് സൈബർ സെല്ലിൻറെ സഹായത്തോടെ അന്വേഷണം വ്യാപകമാക്കിയതിനെത്തുടർന്നാണ് അറസ്റ്റ്. വിരലടയാള വിദഗ്ധരും മറ്റും സ്ഥലത്തെത്തി അന്വേഷണം നടത്തി ശാസ്ത്രീയതെളിവുകൾ ശേഖരിച്ചിരുന്നു. സ്റ്റേഷനിലെത്തിച്ച് വിശദമായി ചോദ്യം ചെയ്തപ്പോൾ കുറ്റം സമ്മതിച്ച പ്രതിയുടെ അറസ്റ്റ് ഇന്ന് ഉച്ചയോടെ രേഖപ്പെടുത്തുകയായിരുന്നു.

പ്രതിയുടെ കുറ്റസമ്മതമൊഴി രേഖപ്പെടുത്തി. മോഷ്ടിച്ച പണം പലയിടങ്ങളിലും കറങ്ങിനടന്ന് മദ്യപിച്ചും ഭക്ഷണം കഴിച്ചും ചിലവഴിച്ചുതീർത്തതായി ഇയാൾ പോലീസിനോട് സമ്മതിച്ചു. ഇയാൾ മലയൻകീഴ്, ആലുവ പോലീസ് സ്റ്റേഷനുകളിലെ മോഷണക്കേസുകളിൽ പ്രതിയാണ്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## കിക്മ എം. ബി. എ അഭിമുഖം

സഹകരണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 202426 ബാച്ചിലേക്ക് എം.ബി.എ അഡ്മിഷൻ ഇന്റർവ്യൂ മേയ് 18ന് രാവിലെ 10.00 മുതൽ നെയ്യാർഡാമിലെ കിക്മ കോളേജ് കാമ്പസിൽ കോളേജിൽ വച്ച് നടത്തുന്നു.

കേരള സർവ്വകലാശാലയുടെയും, എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, ലോജിസ്റ്റിക്സ് എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്കും, ഫിഷറീസ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്കും പ്രത്യേക സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒ.ഇ.സി./എസ്.സി./ എസ്.റ്റി വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 8547618290/9188001600, www.kicma.ac.in.

## ഇരട്ടയാറിൽ പോക്സോ കേസ് അതിജീവിതയുടെ മരണം; വനിതാ കമ്മീഷൻ കേസെടുത്തു

തിരുവനന്തപുരം: ഇടുക്കി ഇരട്ടയാറിൽ പോക്സോ കേസ് അതിജീവിതയുടെ മരണത്തിൽ വനിതാ കമ്മീഷൻ സ്വമേധയാ കേസെടുത്തു. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ കേസെടുത്തത്. കഴുത്ത് ഞെരിച്ച് ശ്വാസം മുട്ടിച്ചതാണ് മരണകാരണമെന്നായിരുന്നു പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. ഇടുക്കി ജില്ലാ പോലീസ് മേധാവിയോട് ഇതു സംബന്ധിച്ച് വനിതാ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

മരണം ആത്മഹത്യയെന്നാണ് സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ പോലീസിൻറെ പ്രാഥമിക നിഗമനം. ശാസ്ത്രീയ പരിശോധനക്ക് അയച്ച ആന്തരീകാവയവങ്ങളുടെ പരിശോധന ഫലം ലഭിച്ച ശേഷമേ ഇക്കാര്യത്തിൽ ഔദ്യോഗിക സ്ഥിരീകരണമുണ്ടാകൂ. ചൊവ്വാഴ്ച രാവിലെയാണ് പതിനേഴുകാരിയെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. കഴുത്തിൽ ബെൽറ്റ് മുറുക്കിയ നിലയിൽ കട്ടിലിലാണ് മൃതദേഹം കണ്ടെത്തിയത്. രണ്ട് വർഷം മുൻപാണ് പെൺകുട്ടി പീഡനത്തിന് ഇരയായത്. ഈ കേസിൽ അന്ന് രണ്ട് പേർ അറസ്റ്റിലായിരുന്നു. ഇതുമായി കൊലപാതകത്തിന് ബന്ധമുണ്ടോ എന്ന് അന്വേഷിക്കുമെന്ന് പോലീസ് അറിയിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# നവവധുവിനു മർദനം: പോലീസ് യുവതിയുടെ മൊഴിയെടുക്കും, രാഹുൽ ഒളിവിൽ

കൊച്ചി: നവവധുവിന് ഭർതൃവീട്ടിൽ ക്രൂരമായ മർദനമേറ്റ സംഭവത്തിൽ പന്തീരാങ്കാവ് പോലീസ് ഇന്ന് യുവതിയുടെ വീട്ടിലെത്തി മൊഴി രേഖപ്പെടുത്തും. മൊഴി രേഖപ്പെടുത്താനെത്തുമെന്ന കാര്യം ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ യുവതിയുടെ പിതാവിനെ വിളിച്ചറിയിച്ചിട്ടുണ്ട്. വനിതാ കമ്മീഷനും നേരിട്ടെത്തി മൊഴിയെടുക്കും. യുവതിയുടെ പിതാവ് ഹരിദാസൻ മുഖ്യമന്ത്രിക്കും വനിതാ കമ്മീഷനും റൂറൽ എസ്പിക്കും നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. തുടർച്ചയായി കോഴിക്കോട്ട് എത്തി കേസ് കാര്യങ്ങൾ നടത്താനുള്ള ബുദ്ധിമുട്ട് കണക്കാക്കി സംഭവം നടന്ന പന്തീരാങ്കാവ് പോലീസ് സ്റ്റേഷനിൽനിന്നു യുവതിയുടെ സ്റ്റേഷൻ പരിധിയിലേക്ക് കേസിൻറെ അന്വേഷണ ചുമതല മാറ്റണമെന്ന് പിതാവ് ആവശ്യപ്പെട്ടിരുന്നു.

സംഭവത്തിൽ പ്രതിയായ കോഴിക്കോട് പന്തീരാങ്കാവ് വള്ളിക്കുന്ന് സ്നേഹതീരത്തിൽ രാഹുൽ പി. ഗോപാലന് അനുകൂലമായ നിലപാട് സ്വീകരിച്ച പന്തീരാങ്കാവ് പോലീസ് സ്റ്റേഷനിലെ സിഐക്കും മറ്റ് ഉദ്യോഗസ്ഥർക്കുമെതിരേ നടപടി വേണമെന്ന് ഹരിദാസൻ ആവശ്യപ്പെട്ടു.

കേസ് എടുക്കുന്നതിൽ പോലീസ് ഉദ്യോഗസ്ഥർ ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. ബന്ധുക്കൾ യുവതിയുമായി സ്റ്റേഷനിലെത്തിയ ദിവസം രാഹുലും സ്റ്റേഷനിലെത്തിയിരുന്നെങ്കിലും പോലീസ് ഇയാളുമായി സൗഹൃദത്തിൽ ഇടപ്പെടുകയും വധശ്രമത്തിനു കേസെടുക്കാതെ വിട്ടയയ്ക്കുകയുമാണ് ചെയ്തത്. ഭർത്താവ് ഭാര്യയെ തല്ലുന്നത് കാര്യമാക്കേണ്ടതില്ലെന്നും പ്രശ്നങ്ങൾ പറഞ്ഞുതീർത്ത് അയാളോടൊപ്പം പോകാനുമായിരുന്നു പോലീസ് നിർദേശിച്ചതെന്നും പിതാവ് പറയുന്നു.

രാഹുൽ വിവാഹത്തട്ടിപ്പുകാരനാണെന്ന് അദ്ദേഹം ആരോപിച്ചു. നേരത്തെ രാഹുൽ രണ്ടു വിവാഹങ്ങൾ ഉറപ്പിച്ചിരുന്നു. എന്നാൽ പിന്നീട് അതിൽനിന്ന് പിൻവാങ്ങിയെന്ന് ഹരിദാസൻ പറഞ്ഞു. ഇക്കാര്യങ്ങൾ കൂടി പോലീസ് പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതേസമയം, പ്രതി രാഹുൽ ഒളിവിലാണെന്നാണ് പോലീസ് അറിയിക്കുന്നത്. നവവധുവിനെ മർദിച്ച സംഭവത്തിൽ വധശ്രമത്തിനും സ്ത്രീധന പീഡനത്തിനുമാണ് രാഹുലിനെതിരേ പോലീസ് കേസെടുത്തിട്ടുള്ളത്. രാഹുൽ ചൊവ്വാഴ്ച വൈകുന്നേരം മൂന്നുവരെ വീട്ടിൽ ഉണ്ടായിരുന്നതായി അയാളുടെ അമ്മ പറഞ്ഞു. എവിടേക്കാണ് പോയതെന്ന് അറിയില്ല. അഭിഭാഷകനെ കാണണമെന്നു പറഞ്ഞ് പോയതാണ്. രാഹുൽ നവവധുവിനെ മർദിച്ചിട്ടുണ്ടെന്നും എന്നാൽ സ്ത്രീധനം ആവശ്യപ്പെട്ടിരുന്നില്ലന്നും അവർ കൂട്ടിച്ചേർത്തു. രാഹുൽ മുൻകൂർ ജാമ്യത്തിനു ഹൈക്കോടതിയെ സമീപിച്ചതായി സൂചനയുണ്ട്.

## ടൈംസ് ഹയർ എഡ്യുക്കേഷൻ ഏഷ്യൻ റാങ്കിംഗ്: എംജി രാജ്യത്ത് മൂന്നാമത്

കോട്ടയം: ബ്രിട്ടനിലെ ടൈംസ് ഹയർ എജ്യുക്കേഷൻറെ ഈ വർഷത്തെ ഏഷ്യാ യൂണിവേഴ്സിറ്റി റാങ്കിംഗിൽ എംജി യൂണിവേഴ്സിറ്റിക്ക് ഇന്ത്യയിൽ മൂന്നാം സ്ഥാനം. ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസും തമിഴ്നാട്ടിലെ അണ്ണാ സർവകലാശാലയുമാണ് യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളിൽ. കഴിഞ്ഞ വർഷത്തെ റാങ്കിംഗിൽഎംജി യൂണിവേഴ്സിറ്റി നാലാം സ്ഥാനത്തായിരുന്നു. ഏഷ്യൻ രാജ്യങ്ങളിലെ സർവകലാശാലകളുടെ പട്ടികയിൽ ചൈനയിലെ സിൻഹുവ, പീകിംഗ് സർവകലാശാലകൾ തുടർച്ചയായി അഞ്ചാം തവണയും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നിലനിർത്തി. ഈ പട്ടികയിൽ എംജി യൂണിവേഴ്സിറ്റി 134ാം സ്ഥാനത്താണ്. എംജി ഉൾപ്പെടെ അഞ്ച് ഇന്ത്യൻ സർവകലാശാലകളാണ് ഏഷ്യൻ റാങ്കിംഗിൽ ആദ്യ 150ൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ കേരളത്തിൽനിന്നുള്ള ഏക സർവകലാശാലയും എംജിയാണ്.

അധ്യാപനം, ഗവേഷണം, വിജ്ഞാന കൈമാറ്റം, രാജ്യാന്തര വീക്ഷണം, തുടങ്ങി 18 സൂചകങ്ങൾ വിലയിരുത്തിയാണ് റാങ്കിംഗ് നിർണയിച്ചത്. വിവിധ രാജ്യങ്ങളിൽനിന്നുള്ള 739 സർവകലാശാലകളാണ് ഈ വർഷത്തെ റാങ്ക് പട്ടികയിലുള്ളത്.

നാഷണൽ അസസ്മെൻറ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിൻറെ (നാക്) നാലാംഘട്ട റീ അക്രഡിറ്റേഷനിൽ എ ഡബിൾ പ്ലസ് ഗ്രേഡ് ലഭിച്ചതിനു പിന്നാലെ ഏഷ്യൻ റാങ്കിംഗിൽ രാജ്യത്ത് മൂന്നാം സ്ഥാനം നേടാൻ കഴിഞ്ഞത് അഭിമാനകരമാണെന്ന് വൈസ് ചാൻസലർ ഡോ. സി. ടി. അരവിന്ദകുമാർ പറഞ്ഞു. പഠനം, ഗവേഷണം, സംരംഭകത്വ വികസനം, വിദേശ സർവകലാശാലകളും വ്യവസായ സ്ഥാപനങ്ങളുമായുള്ള സഹകരണം തുടങ്ങിയ മേഖലകളിൽ കാലോചിതമായി മുന്നേറാൻ സർവകലാശാലയ്ക്ക് സാധിച്ചിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

## മിടു മിടുക്കി



കൊല്ലം:പഠനത്തിലും ഒപ്പം കലാകായിക രംഗത്തും സ്കൂൾ തലത്തിൽ മികച്ച നേട്ടം കൈവരിച്ചു കൊണ്ടു ശക്തികുളങ്ങര തീരത്തു നിന്നും ഒരു പെൺകൊടി. സിസിലിയ നെൽസൺ.

പുത്തൻ തുരുത്തിൽ നെൽസൺ ഡാനിയേലിന്റെയും , ലിസി നെൽസന്റെയും മകൾ സിസിലിയ നെൽസൺ ഈ വർഷത്തെ കടഇ പരീക്ഷയിൽ കൊല്ലം ഇൻഫന്റ് ജീസ്സസ് സ്കൂളിൽ നിന്നും 93% മാർക്കോടു കൂടി വിജയിച്ചിരിക്കുന്നു......

പഠനത്തിൽ മാത്രമല്ല കലാ കായിക മത്സരങ്ങളിലും മികവ് പുലർത്തുന്ന സിസിലിയ ജാർഘണ്ടിൽ വെച്ച് നടന്ന 19 വയസ്സിൽ താഴെയുള്ളവരുടെ നാഷണൽ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ സെലക്ഷൻ നേടി.....

കേരള ICE സ്കൂൾ മീറ്റിൽ 1500, 3000 മീറ്റർ വിജയി കൂടിയാണ് ഈ മിടുക്കി....

കലാ മത്സരങ്ങളിലും സമ്മാനങ്ങൾ നേടിക്കൊണ്ട് സ്കൂൾ എക്സലൻന്റ് അവാർഡ് സ്വന്തമാക്കിയ സിസിലിയ നാടിന്റ അഭിമാനമായി മാറി. സിസിലിയ നെൽസന് പഠനത്തിലും കായിക മേഖലയിലും കൂടുതൽ ഉയരങ്ങൾ കീഴടക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു .

## കണ്ണൂർ നഗരത്തിൽ പിടിച്ചുപറി; രണ്ടുപേർ അറസ്റ്റിൽ

കണ്ണൂർ: ബസ് സ്റ്റാൻഡിൽ നിൽക്കുകയായിരുന്ന യുവാവിനെ മർദിച്ച് മാലയും മൊബൈൽ ഫോണും തട്ടിയെടുക്കാൻ ശ്രമത്തിലെ ആറംഗസംഘത്തിലെ രണ്ടുപേർ അറസ്റ്റിൽ. സൗത്ത് ബസാർ സ്വദേശി മനോജിനെ ആക്രമിച്ച സംഭവത്തിലാണ് തമിഴ്നാട് സേലം സ്വദേശി വിനോദ് (28), തൂത്തുക്കുടിയിലെ ആണ്ടവൻ (21) എന്നിവരെ ടൗൺ പോലീസ് അറസ്റ്റ് ചെയ്തത്.

കണ്ടാലറിയാവുന്ന നാലുപേർക്കെതിരേയും കേസെടുത്തിട്ടുണ്ട്. 12ന് രാത്രി 8.30ഓടെ കണ്ണൂർ പഴയ ബസ് സ്റ്റാൻഡിലായിരുന്നു സംഭവം. ഇവരെ പ്രതിരോധിക്കുന്നതിനിടെയാണ് മനോജിന് മർദനമേറ്റത്. കൂടാതെ മനോജിൻറെ സ്വർണമാലയുടെ പകുതിയും സംഘം കവർന്നു. ടൗൺ പോലീസ് പോലീസ് സ്റ്റേഷനിൽ വിവരമറിയിച്ചതിനെ തുടർന്ന് പോലീസ് എത്തി മനോജിനെ ആശുപത്രിയിലാക്കുകയായിരുന്നു.

## തോട്ടുകടവിലെ 125 കുടുംബങ്ങൾക്ക് കുടിവെള്ളം പുനഃസ്ഥാപിച്ചു

ഇരിട്ടി: ആറളം പഞ്ചായത്തിലെ തോട്ടുകടവിലെ പുതിയ പാലം നിർമാണവുമായി ബന്ധപ്പെട്ട് 125 കുടുംബങ്ങളുടെ മുടങ്ങിയ കുടിവെള്ളം പുനഃസ്ഥാപിച്ചു. ഇന്നലെ രാവിലെ എല്ലാവീടുകളിലും വെള്ളം എത്തി.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബിനോയി കുര്യൻ, ആറളം പഞ്ചായത്ത് പ്രസിഡൻറ് കെ.പി. രാജേഷ്, വാർഡ് അംഗം ഷീബ രവി, പാലം നിർമാണ കമ്മിറ്റി അംഗങ്ങൾ,കോൺട്രാക്ടർ, ആറളം ജലനിധി ഭാരവാഹികൾ തുടങ്ങിയവർ യോഗം ചേർന്ന് അടിയന്തരമായി കുടിവെള്ളം പുനഃസ്ഥാപിക്കാൻ തീരുമാനിച്ചത്. ഇതുപ്രകാരം കുടിവെള്ളം പുനഃസ്ഥാപിക്കാൻ ആവശ്യമായ പൈപ്പുകൾ കോൺട്രാക്ടർ എത്തിച്ചു നൽകുകയായിരുന്നു.

പുനഃസ്ഥാപിക്കാൻ ആവശ്യമായ ചെലവുകൾ ജലനിധി തന്നെ വഹിച്ചു. പാലം പണി പൂർത്തിയാകുന്നതോടെ താത്കാലികമായി സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ പാലത്തിന് മുകളിലൂടെ സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമെന്നും ജലനിധി ഭാരവാഹികൾക്ക് നേതാക്കൾ ഉറപ്പുനൽകി.പുതിയ പാലം നിർമിക്കുന്നതിൻറെ ഭാഗമായി പഴയ പാലം പൊളിച്ചു മാറ്റിയപ്പോൾ ജലനിധിയുടെ പൈപ്പും പൊളിച്ചുമാറ്റിയതോടെ കൊടും വേനലിൽ കുടിവെള്ളം ഇല്ലാതെ കുടുംബങ്ങൾ ബുദ്ധിമുട്ടുന്നത് ദീപിക വാർത്ത ചെയ്തിരുന്നു.

പൊളിച്ചുമാറ്റിയ പൈപ്പുകൾ പുനഃസ്ഥാപിക്കാതെ രണ്ടുമാസത്തോളം കുടിവെള്ളം ലഭിക്കാതെ ജനം വലഞ്ഞിരുന്നു. കുടിവെള്ളം മുടങ്ങിയതോടെ കുടുംബങ്ങളിൽ പലരും മറ്റ് ബന്ധു വീടുകളിലേക്ക് മാറിയിരുന്നു.

## മൂവാറ്റുപുഴ നഗരസഭയിൽ എല്ലാ ആഴ്ചയിലും ഒരു ദിവസം ഡ്രൈഡേ

മൂവാറ്റുപുഴ: മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൂവാറ്റുപുഴ നഗരസഭയിൽ എല്ലാ ആഴ്ചയിലും ഒരു ദിവസം ഡ്രൈ ഡേ ആചരിക്കും. വെള്ളിയാഴ്ചകളിൽ സ്ഥാപനങ്ങളിലും ശനിയാഴ്ചകളിൽ ഓഫീസുകളിലും ഞായറാഴ്ചകളിൽ വീടുകളിലുമാണ് ഡ്രൈ ഡേ ആചരിക്കുക.

പകർച്ച വ്യാധികൾക്കു കാരണമാകുംവിധം കൊതുകു വളരുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും പൊതുജനാരോഗ്യ നിയമപ്രകാരം കുറ്റകരമാണന്ന് നഗരസഭാധ്യക്ഷൻ പി. പി. എൽദോസ് മുന്നറിയിപ്പ് നൽകി.

മഴക്കാല പൂർവ ശുചീകരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഇന്നലെ നഗരസഭ ടൗൺ ഹാളിൽ പരിശീലനവും ശിൽപശാലയും സംഘടിപ്പിച്ചു. അങ്കണവാടി വർക്കർമാർ, ആശാപ്രവർത്തകർ, ഹരിത സേന അംഗങ്ങൾ, സാമൂഹിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, നഗരസഭ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. നഗരസഭാധ്യക്ഷൻ പി. പി. എൽദോസ് ഉദ്ഘാടനം നിർവഹിച്ചു. നഗരസഭ സ്ഥിരംസമിതി അധ്യക്ഷൻ പി. എം. അബ്ദുൾ സലാം, വൈസ് ചെയർപഴ്സൺ സിനി ബിജു, സ്ഥിരംസമിതി അധ്യക്ഷരായ നിസ അഷറഫ്, ജോസ് കുര്യാക്കോസ്,

നഗരസഭ പ്രതിപക്ഷ നേതാവ് ആർ. രാകേഷ്, നഗരസഭാംഗം ബിന്ദു സുരേഷ് കുമാർ, പി. വി. രാധാകൃഷ്ണൻ, നജില ഷാജി, പി. എം. സുബൈർ, അസം ബീഗം, രാജശ്രീ രാജു, മീര കൃഷ്ണ, സിഡിഎസ് ചെയർപഴ്സൺ പി. പി. നിഷ, ക്ലീൻ സിറ്റി മാനേജർ എ. നൗഷാദ്, ഹെൽത്ത് ഇൻസ്പെക്ടർ ആർ. എസ്. സുനിത, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ സൗമ്യ പ്രദീപ് തുടങ്ങിയവർ പ്രസംഗിച്ചു.

മൂവാറ്റുപുഴ ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. അനിത ബാബു, ഡോ. ദീപ എന്നിവർ ക്ലാസ് നയിച്ചു. വാർഡ് തല സാനിറ്റേഷൻ സമിതികളുടെ യോഗം ഇന്നു പൂർത്തിയാക്കുന്നതിന് ശിൽപ്പശാല തീരുമാനിച്ചു. നാളെ പൊതുജന പങ്കാളിത്വത്തോടെ നഗരശുചീകരണം സംഘടിപ്പിക്കും. 18നും 19നും മുഴുവൻ വാർഡുകളിലും ശുചീകരണം നടത്തും.

## ചക്കരക്കല്ലിൽ പാചകവാതക സിലിണ്ടർ പൊട്ടിത്തെറിച്ച് വീടിനു നാശം

ചക്കരക്കൽ: പാചക വാതക സിലിണ്ടർ പൊട്ടിത്തെറിച്ച് വീടിന് വൻ നാശം. കാവിൻ മൂല മാമ്പ പോസ്റ്റ് ഓഫീസിന് സമീപത്തെ ആതിരയിൽ ദേവദാസിൻറെ വീടിനാണ് കേടുപാട് സംഭവിച്ചത്. ഇന്നലെ ഉച്ചയോടെയായിരുന്നു അപകടം.

വീട്ടിൽ ആരും ഇല്ലാത്തതിനാൽ വൻ ദുരന്തമാണ് ഒഴിവായത്. വീടിൻറെ വർക്കേറിയ, ബാത്ത്റും, അടുക്കളയുടെ വാതിൽ, ചുമർ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചു. ഇലക്ട്രോണിക് ഉപകരണങ്ങളും നശിച്ചു. രണ്ടാഴ്ച മുമ്പ് വാങ്ങി വച്ചതായിരുന്നു പൊട്ടിത്തെറിച്ച സിലണ്ടർ. ഗ്യാസ് നിറച്ച സിലണ്ടറും, കാലിയായ ഒരു സിലണ്ടറുമാണ് പൊട്ടിയതെന്ന് വീട്ടുടമ പറഞ്ഞു. ചക്കരക്കൽ പോലീസും സ്ഥലത്ത് എത്തിയിരുന്നു.

## വീട് മിനി ബാറാക്കി മദ്യവില്പന: യുവാവ് അറസ്റ്റിൽ

കണ്ണൂർ: അഴീക്കോട് വീട് മിനി ബാറാക്കി മദ്യവിൽപന നടത്തിയ യുവാവ് അറസ്റ്റിൽ. അഴീക്കോട് മയിലാടത്തടത്തെ ആദർശിനെ(27)യാണ് വളപട്ടണം പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളുടെ വീട്ടിൽ നിന്നും 48 കുപ്പി ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും 31,280 രൂപയും കണ്ടെടുത്തു.

വളപട്ടണം പോലീസ് ഇൻസ്പെക്ടർ ഷൈൻ ജോസിൻറെ നിർദ്ദേശത്തെ തുടർന്ന് എസ്ഐ എ നീതിൻറെ നേതൃത്വത്തിൽ എഎസ്ഐ ഷാജി, സിപിഒ രമിത്ത് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. രഹസ്യവിവരത്തെ തുടർന്ന് പോലീസ് വീട്ടിലെ അടുക്കളയിൽ നടത്തിയ പരിശോധനയിൽ അലമാരയിൽ സൂക്ഷിച്ചതായ മദ്യമാണ് പിടിച്ചെടുത്തത്.

അതിനടുത്തായി തളികയിൽ നിന്നുമാണ് പണം കണ്ടെത്തിയത്. വീട്ടിൽ മദ്യകുപ്പികൾ ശീതികരിക്കാനുള്ള സംവിധാനം വരെ ഏർപ്പെടുത്തിയായിരുന്നു മദ്യവില്പന നടത്തി വന്നത്. പ്രതിയുടെ പിതാവും മദ്യവിൽപനയിൽ പങ്കാളിയാണ്. ഇയാൾക്കെതിരെ വളപട്ടണം പോലീസിൽ അനധികൃതമായി മദ്യവിൽപന നടത്തിയതിൻറെ പേരിൽ കേസുണ്ട്.

## സോളാർ വിളക്കിൻെറ ബാറ്ററി മോഷണത്തിനിടെ ഒരാൾ പിടിയിൽ

മട്ടന്നൂർ: ഉളിയിൽ സോളാർ തെരുവ് വിളക്കിൻറെ ബാറ്ററി മോഷ്ടിക്കുന്നതിനിടെ ഒരാളെ നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. മലപ്പുറം സ്വദേശിയെയാണ് മട്ടന്നൂർ പോലീസ് കസ്റ്റഡിയിലെ ടുത്തത്. ചൊവ്വാഴ്ച പുലർച്ചെ നാലരയോടെ ഉളിയിൽ പാലത്തിന് സമീപമാണ് ഗുഡ്സ് ഓട്ടോയിലെ ത്തിയ രണ്ടംഗ സംഘം സോളാർ വിളക്കിൻറെ ബാറ്ററി അഴിച്ചെടുക്കുന്നത് നാട്ടുകാരുടെ ശ്രദ്ധയിൽ പ്പെട്ടത്. ഓടിയെത്തിയ നാട്ടുകാർ ഒരാളെ തടഞ്ഞുവയ്ക്കുകയായിരുന്നു.

ഇയാളുടെ കൂടെയുണ്ടാ യിരുന്ന മറ്റൊരാൾ ഗുഡ്സ് ഓട്ടോയുമായി കടന്നു കളയുകയായിരുന്നു. നാട്ടുകാർ വിവരം അറിയിച്ചതിനാൽ മട്ടന്നൂർ പോലീസ് സ്ഥലത്തെത്തി ഒരാളെ കസ്റ്റഡിയിലെടുക്കുക യായിരുന്നു. സോളാർ വിളക്കിൽ നിന്നും അഴിച്ചു വച്ച രണ്ടു ബാറ്ററികളും പോലീസ് കസ്റ്റഡിയിലെടു ത്തിട്ടുണ്ട്. പോലീസ് കേസെടുത്ത് അന്വേഷണം നടത്തി വരികയാണ്. തലശേരി വളവുപാറ റോഡ് നവീകരണത്തിന് ശേഷം റോഡരികിൽ സ്ഥാപിച്ച സോളാർ തെരുവ് വിളക്കിൻറെ ബാറ്ററികൾ വ്യാപകമായി മോഷണം പോയിരുന്നു.

## വേനൽമഴയിൽ കുറവ്; ഇടവപ്പാതിയിൽ പ്രതീക്ഷ

പത്തനംതിട്ട: അപ്രതീക്ഷിതമായ കടുത്ത ചൂടിലും സംസ്ഥാനത്ത് കൂടുതൽ വേനൽ മഴ ലഭിച്ച ജില്ലകളിലൊന്നാണ് പത്തനംതിട്ട. വടക്കൻ ജില്ലകളിൽ വേനൽമഴയിൽ വൻ കുറവ് രേഖപ്പെടുത്തുമ്പോഴും പത്തനംതിട്ടയിൽ കഴിഞ്ഞ മാർച്ച് മുതൽ കഴിഞ്ഞ വെള്ളിയാഴ്ച വരെയുള്ള കണ ക്കിൽ പത്തനംതിട്ട ജില്ലയിൽ 35 ശതമാനം മഴയുടെ കുറവാണുള്ളത്.

മുൻ വർഷങ്ങളെ അപേക്ഷിച്ച് മഴയുടെ അളവിൽ വ്യാപക കുറവാണ് ഇത്തവണ രേഖപ്പെടുത്തിയിരിക്കുന്നത്. പത്തനംതിട്ടയിൽ ഇക്കാലയളവിൽ 349.9 മില്ലിമീറ്റർ മഴ പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 226.6 മില്ലിമീറ്റർ മഴയാണ് ലഭിച്ചത്.

സംസ്ഥാനത്ത് 53 ശതമാനം മഴയുടെ കുറവാണ് ഉള്ളതെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൻറെ കണക്കുകൾ വ്യക്തമാക്കുന്നു. വേനൽമഴ ഏറ്റവും അധികം ലഭിച്ചത് കോട്ടയം ജില്ലയിലാണ്. 17 ശതമാനം കുറവ് മാത്രമേ കോട്ടയത്തുള്ളൂ. 221.5 മില്ലിമീറ്റർ മഴ കോട്ടയത്തു ലഭിച്ചു. 268.3 മില്ലീമീറ്റർ മഴയാണ് പ്രതീക്ഷിച്ചത്.

അതേസമയം, വടക്കൻ കേരളത്തിൽ 60 ശതമാനത്തിനു മുകളിലാണ് മഴയുടെ കുറവുണ്ടായിട്ടുള്ളതെന്നും കണക്കുകൾ പറയുന്നു. പത്തനംതിട്ടയിലെ ജലവൈദ്യുത പദ്ധതികളുടെ സംഭരണികളും ജലനിരപ്പ് താഴ്ന്നിരിക്കുകയാണ്. പ്രധാന പദ്ധതിയായ ശബരിഗിരിയുടെ കക്കി, പമ്പ സംഭരണികളിൽ 35 ശതമാനത്തിൽ താഴെയാണ് ജലനിരപ്പ്.

മുൻ വർഷങ്ങളിൽ കനത്ത വേനൽ മഴയും വെള്ളപ്പൊക്കവുമൊക്കെ മേയ്, ജൂൺ ആദ്യവാരങ്ങളിൽ ഉണ്ടായിട്ടുണ്ട്. രണ്ടുവർഷം മുമ്പ് മേയ് മധ്യത്തോടെ പ്രളയക്കെടുതികൾ തുടങ്ങിയിരുന്നു. ഇത്തവണ നാട് വെന്തുരുകുകയാണ്.

വേനലിൻറെ രൂക്ഷതയും പത്തനംതിട്ടക്കാർ അനുഭവിച്ചുവരുന്നു. വൈകുന്നേരങ്ങളിൽ മഴ ലഭിച്ചുതുടങ്ങിയെങ്കിലും പകൽ താപനില 3537 ഡിഗ്രിയാണ്. അന്തരീക്ഷ താപനില ഉയർന്നതോടെ ഭൂഗർഭജല നിരപ്പും താഴുന്നുണ്ട്.

ഇടവപ്പാതിയിൽ അധിക മഴ ലഭിക്കുമെന്നാണ് കാലാവസ്ഥാ നിരീക്ഷണ വകുപ്പിൻറെ ഇനിയുള്ള പ്രതീക്ഷ. വറുതിയുടെ ഘട്ടത്തിൽ ഇക്കുറി മഴക്കാല പൂർവ മുന്നൊരുക്കങ്ങൾ നടത്തിയിട്ടില്ല. തോടുകളും ജലാശയങ്ങളും ശുചീകരിക്കാനും നീരൊഴുക്ക് സുഗമമാക്കാനും പദ്ധതികളായിട്ടില്ല.

ഇതോടെ മഴ പെട്ടെന്നു ശക്തമായാൽ ഉണ്ടായേക്കാവുന്ന പ്രളയക്കെടുതികളും രൂക്ഷമായിരിക്കും. നദികളിൽ മണൽ വാരുന്നതിന് അനുമതിയായെങ്കിലും ഇതിൻറെ പ്രാഥമിക നടപടികൾ പോലും എങ്ങുമെത്തിയിട്ടില്ല. നദീ തീരങ്ങൾ ശുചീകരിച്ചും പുറ്റുകൾ നീക്കിയും ജലമൊഴുക്ക് സുഗമമാക്കാനുള്ള നടപടികളും ഇക്കുറി നടത്തിയിട്ടില്ല. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടവും സാമ്പത്തിക പ്രതിസന്ധിയും കാരണമായി പറയുന്നത്.

അപ്രതീക്ഷിത വരൾച്ച മൂലമുണ്ടായ കെടുതികൾ നേരിടുന്നതിൽ വിവിധ വകുപ്പുകൾക്ക് വീഴ്ചയുണ്ടായതായി ആക്ഷേപം. ജലക്ഷാമം പല പ്രദേശങ്ങളിലും ഇപ്പോഴും രൂക്ഷമാണ്. കൃത്യമായ ജലവിതരണം ഇക്കുറി തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയിലുണ്ടായിരുന്നില്ല. സാമ്പത്തിക പ്രതിസന്ധി തന്നെ കാരണം. തെരഞ്ഞെടുപ്പ് കാലയളവിൽ മാത്രം വെള്ളം നൽകിയ പഞ്ചായത്തുകളുണ്ട്.

ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളിലെ ജലവിതരണം തടസപ്പെട്ട പരാതികളും വ്യാപകമായുണ്ടായി. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട പുതിയ ജലവിതരണ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നതോടെ നിലവിലെ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനോടു പല തദ്ദേശ സ്ഥാപനങ്ങളും താത്പര്യം കാട്ടിയിരുന്നില്ല. ഭൂഗർഭ ജലനിരപ്പ് താഴ്ന്നതോടെ പദ്ധതികളുടെ ജലസ്രോതസുകൾ വറ്റിവരണ്ടതും ജലവിതരണം തടസപ്പെടാൻ കാരണമായി.

കാർഷിക മേഖലയിലും ക്ഷീര കർഷകർക്കും വൻ നഷ്ടമാണ് വറുതി മൂലം ഉണ്ടായത്. കോടിക്കണക്കിനു രൂപയുടെ കാർഷിക നഷ്ടം ഉണ്ടായി. ജനുവരി മുതൽ തന്നെ കാർഷിക മേഖല വരൾച്ച മൂലമുള്ള പ്രതിസന്ധി നേരിടുകയാണ്. എല്ലാ ഇനം കൃഷികളെയും വരൾച്ച സാരമായി ബാധിച്ചു.

തോടുകളും ജലാശയങ്ങളും നേരത്തേ തന്നെ വറ്റിയിരുന്നു. ജലവിതരണ സംവിധാനങ്ങളും കാര്യക്ഷമമല്ലാതായതോടെ വെള്ളം കിട്ടാതെ കൃഷി കരിഞ്ഞുണങ്ങുകയായിരുന്നു. ഏത്തവാഴ, പച്ചക്കറി കർഷകരാണ് കൂടുതൽ പ്രതിസന്ധിയിലായത്.

ക്ഷീരകർഷകരാണ് ഏറ്റവുമധികം പ്രതിസന്ധിയിലായത്. ജില്ലയൊട്ടാകെ പതിനഞ്ചിലധികം പശുക്കൾ ചൂട് സഹിക്കാനാകാതെ ചത്തതായാണ് കണക്കുകൾ. ഇൻഷ്വറൻസ് പരിരക്ഷ പോലും ഇല്ലാത്ത പശുക്കളും പലർക്കും നഷ്ടമായി.

പാൽ ഉത്പാദനവും ഗണ്യമായി കുറഞ്ഞു. ഇതോടെ ക്ഷീരസംഘങ്ങളും കർഷകരും ഒരേപോലെ നഷ്ടത്തിലായി. പച്ചപ്പിൻറെ അഭാവത്തിൽ ഉത്പാദനം മെച്ചപ്പെടുത്താനും കഴിയുന്നില്ല.

## ഡ്രാഗൺ ബോട്ട് തുഴച്ചിലിൽ മത്സരിക്കാൻ നിരണവും

തിരുവല്ല: ദേശീയ ഒളിമ്പിക്സ് മത്സര ഇനമായ ഡ്രാഗൺ ബോട്ട് തുഴച്ചിൽ മത്സരത്തിൽ ഇനി പത്തനംതിട്ട ജില്ലയും പങ്കെടുക്കും. കേരളത്തിലാദ്യമായി ഒരു വള്ള സമിതിക്ക് സ്വന്തമായി ഡ്രാഗൺ ബോട്ടുള്ള ഗ്രാമമായി നിരണം മാറും. യഥാർഥ മാതൃകയിലുള്ള മത്സര യാനമായ ഡ്രാഗൺ ബോട്ട് നിരണത്ത് എത്തിച്ചിട്ടുണ്ട്.

നിരണം ചുണ്ടൻവള്ള സമിതിക്ക് നിരണം നിവാസിയായ വ്യവസായി പഴങ്ങേരിൽ മണലേൽ എം. ഒ. വർഗീസാണ് നൽകിയിരിക്കുന്നത്. കാർഗിൽ എന്ന തൻറെ വ്യവസായ സ്ഥാപനത്തിൻറെ പേരാണ് രണ്ട് ബോട്ടുകൾക്കും നൽകിയിരിക്കുന്നത്.

വരാനിരിക്കുന്ന ദേശീയ ഗെയിംസിൽ 20 യുവാകൾക്ക് പരിശീലനം നൽകി കേരളത്തെ പ്രതിനിധീകരിച്ച് മത്സരിപ്പിക്കുമെന്ന് റെജി അടിവാക്കൽ, റോബി തോമസ് ജേക്കബ്, ജോബി ദാനിയേൽ എന്നിവർ അറിയിച്ചു.

## മലപ്പുറത്ത് അഞ്ചു വയസുകാരിക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു

കോഴിക്കോട്: സംസ്ഥാനത്ത് അഞ്ചു വയസുകാരിക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. മലപ്പുറം മൂന്നിയൂർ സ്വദേശിയായ പെൺകുട്ടിക്കാണ് രോഗം സ്ഥിരീകരിച്ചത്. കുട്ടി കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലാണ്. ഗുരുതരാവസ്ഥയിൽ തുടരുന്ന കുട്ടി നിലവിൽ തീവ്രപരിചരണ വിഭാഗത്തിലെ വെൻറിലേറ്ററിൽ തുടരുകയാണ്.

എന്നാൽ ചികിത്സയ്ക്ക് ആവശ്യമായ ഒരു മരുന്ന് കേരളത്തിൽ ലഭ്യമല്ലെന്നാണ് ബന്ധുക്കൾ പറയുന്നത്. കടലുണ്ടിപ്പുഴയിൽ കുളിച്ചപ്പോൾ അമീബ ശരീരത്തിൽ പ്രവേശിച്ചെന്നാണ് നിഗമനം. സമാനമായ രോഗ ലക്ഷണങ്ങളുമായി മറ്റു നാലു കുട്ടികളെക്കൂടി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.